**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4956** **20-03-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ ബ്ലോക്ക്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തി കിഫ്ബി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ ബ്ലോക്ക് നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിനെ 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും പുതുക്കിയ നിരക്ക് പ്രകാരം ഭരണാനുമതി തുക 3.90 കോടി രൂപയായി ഉയർത്തുകയും ചെയ്തിരുന്നു.<br><br>നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്. ഏപ്രിൽ ആദ്യവാരത്തിൽ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര ക്ലാസ് റൂമുകളും മറ്റ് സൗകര്യങ്ങളുമാണ് ഈ സ്കൂളിൽ അധികമായി ലഭ്യമാകുക എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന്റെ DPR പ്രകാരം ചുവടെ പറയുന്ന സൗകര്യങ്ങളാണ് പ്ലാൻ ചെയ്തിട്ടുള്ളത്.<br><br>**ഗ്രൗണ്ട് ഫ്ലോർ :-**<br><br>12x6 വലിപ്പത്തിലുള്ള 3 ലാബ് മുറികളും ടോയ്‌ലറ്റ് ബ്ലോക്കും<br><br>**ഒന്നാം നില :-**<br><br>9x6 വലിപ്പത്തിലുള്ള 4 ക്ലാസ്സ്മുറികളും ടോയ്‌ലറ്റ് ബ്ലോക്കും<br><br>**രണ്ടാം നില :-**<br><br>9x6 വലിപ്പത്തിലുള്ള 4 ക്ലാസ്സ്മുറികളും ടോയ്‌ലറ്റ് ബ്ലോക്കും |

സെക്ഷൻ ഓഫീസർ